"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - ഒക്കൽ സർവീസ് സഹകരണ ബാങ്ക് ലിമി നം 2181 (എറണാകുളം) ന് ധനസഹായം അനുവദിക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.157/2024/Co-Op തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ പി & എം എ(5) 6231/2022 നം കത്ത്

2. സ.ഉ (സാധാ) നം. 24/2023/സഹ തീയതി 13/1/2023.

3. സഹകരണ സംഘം രജിസ്ട്രാറുടെ 23/09/2023 ലെ പി&എം എ (4) 1175/23 നംകത്ത്.

4. ഇ അനുമതി നമ്പർ AS/COP/23/32088 കാലാവധി 31/03/2024

5. സ.ഉ (സാധാ) നം.70/2024/സഹ തീയതി 03/02/2024.

**ഉത്തരവ്**

ഒക്കൽ സർവീസ് സഹകരണ ബാങ്ക് ലിമി നം 2181 (എറണാകുളം)ന്, ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിൽ കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണവും ഡിജിറ്റലൈസേഷനും നടപ്പാക്കുന്നതിനായി, സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി പ്രകാരം, 60.00 ലക്ഷം രൂപ (അറുപത് ലക്ഷം രൂപ മാത്രം) ധനസഹായം, പദ്ധതി ഘടകങ്ങൾ പുതിയതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി ,ചുവടെ പറയും പ്രകാരം, 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2425-00-107-63-00-00-0-P-V<br>സബ്സിഡി | 7,50,000 | AS/COP/22/24188 | 31/03/2023 |
| 2 | 6425-00-107-69-00-00-0-P-V | | | |

| | | | | |
|---|---|---|---|---|
| | വായ്പ | 2,50,000 | AS/COP/22/24190 | 31/03/2023 |
| 3 | 2425-00-107-62-00-00-0-P-V<br>സബ്സിഡി | 10,00,000 | AS/COP/22/24191 | 31/03/2023 |
| 4 | 4425-00-107-82-00-00-0-P-V<br>ഓഹരി | 10,00,000 | AS/COP/22/24192 | 31/03/2023 |
| 5 | 4425-00-107-81-00-00-0-P-V<br>ഓഹരി | 4,00,000 | AS/COP/22/24193 | 31/03/2023 |
| 6 | 4425-00-108-30-00-00-0-P-V<br>ഓഹരി | 15,00,000 | AS/COP/22/24195 | 31/03/2023 |
| 7 | 2425-00-108-37-00-00-0-P-V<br>സബ്സിഡി | 8,00,000 | AS/COP/22/24196 | 31/03/2023 |
| 8 | 4425-00-107-80-00-00-0-P-V<br>ഓഹരി | 3,00,000 | AS/COP/22/24197 | 31/03/2023 |

എന്നാൽ 4425-00-108-30-00-00-00-P-V (ഓഹരി) ശീർഷകത്തിൽ അനുവദിച്ചിരുന്ന 15 ലക്ഷം രൂപ റിലീസ് ചെയ്യാൻ സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തിൽ പരാമർശം (5) പ്രകാരം ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒക്കൽ സർവീസ് സഹകരണ ബാങ്ക് ലിമി നം 2181 (എറണാകുളം)ന്, ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിൽ കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണവും ഡിജിറ്റലൈസേഷനും നടപ്പാക്കുന്നതിനായി, സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി പ്രകാരം, 2022-23 സാമ്പത്തിക വർഷത്തിൽ 60.00 ലക്ഷം രൂപ (അറുപത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചിരുന്നതിൽ ഇനി റിലീസ് ചെയ്തു നൽകുവാനുള്ള ഓഹരിയിനത്തിലെ 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) 4425-107-79 ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തികവർഷത്തിൽ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
4. ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/318/2022/ധന)
5. വെബ് & ന്യൂ മീഡിയ 6.കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
Date: 18-03-2024 11:11:03

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്